(എഫ്) സുപ്രീം കോടതി വിധിയിൽ പറഞ്ഞിട്ടുള്ളത് ഇൻകോസിലെ മുഴുവൻ ജീവനക്കാർക്കും ബാധകമാണോ ; അല്ലെങ്കിൽ ആർക്കെല്ലാമാണ് ബാധകമാക്കിയിട്ടുള്ളതെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത സ്ഥാപനത്തിലെ 124 മുൻ ജീവനക്കാർക്ക് കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിൽ നിയമനം നൽകിയിട്ടുണ്ട്. ഓരോരുത്തരുടേയും പേരും പദവിയും തിരിച്ച് ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) ഇല്ല ; സർക്കാരിനോട്, അപേക്ഷകരുടെ പരാതി പരിഗണിച്ച് ഉചിതമായ ഉത്തരവ് പാസ്സാക്കുവാനാണ് വിധി ഉണ്ടായിട്ടുള്ളത്.

(ഇ) ഒ. പി. 4191/84-ന്റെ വിധിക്കെതിരായി സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടില്ല.

(എഫ്) 'ഇ' വിഭാഗത്തിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കേരള ഓട്ടോ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ പാപ്പനംകോട് സ്ക്കൂട്ടർ ഡിവിഷൻ

26 [1231] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹികക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആട്ടോ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ സ്ക്കൂട്ടർ ഡിവിഷൻ എന്നാണ് വേ ഔട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ ;

(ബി) അതിനു ശേഷം പ്രസ്തുത സ്ഥാപനം സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ; എത്രകാലം പ്രവർത്തിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്ഥാപനം പൂട്ടിയപ്പോൾ സ്ക്കൂട്ടർ ഡിവിഷനിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നു ; ഇതിൽ എത്ര ആളുകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ഓരോരുത്തരുടേയും പേരുവിവരവും ഇനം തിരിച്ചുള്ള ലിസ്റ്റും എത്ര രൂപ വീതമെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലുണ്ടായിരുന്ന എത്ര ജീവനക്കാരെ കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ് ടെക്നിക്സ് വർക്ക്ഷോപ്പ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് തുടങ്ങിയപ്പോൾ ജോലി നൽകിയെന്ന് വെളിപ്പെടുത്തുമോ ; ഇവരുടെ പേരുവിവരവും ഇനം തിരിച്ചുള്ള ലിസ്റ്റും ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി, ഡി, ആന്റ് ഇ) വിവരം ശേഖരിച്ചുവരുന്നു.

വ്യവസായ വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി

27 [1232] ശ്രീ. കെ. സുധാകരൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, ബി. വിജയകുമാർ :
,, എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹികക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസം മുതൽ ഇതുവരെ വ്യവസായ വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഉദ്ദേശ്യത്തോടുകൂടി എന്തെല്ലാം ഏർപ്പാടുകൾ ഉണ്ടാക്കി ;

(സി) ഇതിന്റെ ഫലമായി എത്ര പുതിയ വ്യവസായങ്ങൾ സംസ്ഥാനത്തുണ്ടായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനുതകുമാറ് ദീർഘവീക്ഷണത്തോടുകൂടി പുതിയ വ്യവസായ നയം, തൊഴിൽ നയം, വിവര സാങ്കേതികവിദ്യാ നയം, ജൈവ സാങ്കേതിക നയം എന്നിവ പ്രഖ്യാപിച്ചു. 2003-ൽ ആഗോള നിക്ഷേപ സംഗമവും 2004-ൽ ബി 2 ബി മീറ്റും സംഘടിപ്പിച്ചു.

(സി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികൾ മുഖേന ആരംഭിച്ച പുതിയ വ്യസായങ്ങളുടെ ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു:

കിൻഫ്ര

44 പുതിയ വ്യവസായ യൂണിറ്റുകൾ കിൻഫ്രയുടെ പാർക്കുകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 39 യൂണിറ്റുകൾ വ്യവസായം ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം തുടങ്ങി 170 യൂണിറ്റുകൾ വ്യവസായം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

കെ.എസ്.ഐ.ഡി.സി.

കെ.എസ്.ഐ.ഡി.സി. മുഖേന ഏകദേശം 66 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ ജിമ്മിലൂടേയും അല്ലാതെയും ഉദ്ദേശം 25 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly